"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കൂട്ടനാട് താലൂക്ക് കൈനകരി വടക്ക് വില്ലേജിലെ കനാകാശ്ശേരി പാടശേഖരത്തിലെ 1196 പുഞ്ച കൃഷിയുടെ പമ്പിംഗ് കോൺട്രാക്ടർക്ക് പമ്പിംഗ് സബ്സിഡി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.172/2024/AGRI തീയതി, തിരുവനന്തപുരം, 22-02-2024

---

പരാമർശം:- 1. 04.09.2018-ലെ സ.ഉ (എം.എസ്)നം.111/2018/കൃഷി.

2. 26.02.2021-ലെ സ.ഉ (എം.എസ്)നം.41/2021/കൃഷി.

3. ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസറുടെ 05.01.2024, 27.01.2024 തീയതികളിലെ എ2-5594/2020 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽപ്പെട്ട കൈനകരി വടക്ക് വില്ലേജിലെ കനകാശ്ശേരി പാടശേഖരത്തിലെ 1196-ലെ പുഞ്ച കൃഷി പ്രകൃതിക്ഷോഭം മൂലമുള്ള മടവീഴ്ചയെ തുടർന്ന് നശിച്ചുപോയിട്ടുണ്ടെന്നും, പ്രസ്തുത പാടശേഖരത്തിൽ 1196 പുഞ്ച കൃഷി 120.83 ഏക്കർ വിസ്തൃതിയിൽ വിതച്ചിട്ടുള്ളതിനാൽ ഏക്കർ ഒന്നിന് 1800/- പ്രകാരം 2,17,494/രൂപയുടെ (രണ്ടു ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) പമ്പിംഗ് സബ്സിഡിയ്ക്ക് പമ്പിംഗ് കോൺട്രാക്ടറായ ശ്രീ.സി.കെ.മണിയന് അർഹതയുണ്ടെന്നും ടിയാന് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്നും ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം (3) പ്രകാരം ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കനകാശ്ശേരി പാടശേഖരത്തിൽ 1196 പുഞ്ച കൃഷി 120.83 ഏക്കർ വിസ്തൃതിയിൽ വിതച്ചിട്ടുള്ളതാണെന്ന് കൈനകരി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പുഞ്ചപാടങ്ങളിൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത് വിളവെടുത്ത പാടശേഖരങ്ങളിൽ മാത്രമായിരുന്നു. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റേയും കുട്ടനാട് മേഖലയിലുണ്ടായ പ്രളയക്കെടുതികളുടെയും പ്രത്യേക സാഹചര്യം പരിഗണിച്ച്, കൃഷി ഇറക്കുകയും എന്നാൽ കൃഷി നാശം മൂലം വിളവെടുക്കാൻ സാധിക്കാതെ വരികയും ചെയ്ത പാടശേഖരങ്ങൾക്ക് കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടാകുമ്പോൾ വിളവെടുക്കാൻ സാധിക്കാത്ത കർഷകർക്ക് കൂടി ബാധമാക്കിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

3. മേൽ സാഹചര്യത്തിൽ, പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൈനകരി വടക്ക് വില്ലേജിലെ കനകാശ്ശേരി പാടശേഖരത്തിലെ 1196-ലെ പുഞ്ച കൃഷിയുടെ പമ്പിംഗ് കോൺട്രാക്ടർ ആയ ശ്രീ.സി.കെ.മണിയന് അർഹമായ പമ്പിംഗ് സബ്സിഡി തുക അനുവദിക്കുന്നതിന് ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ.
പുഞ്ച സ്പെഷ്യൽ ഓഫീസർ, ആലപ്പുഴ.
ശ്രീ.സി.കെ.മണിയൻ, ചുങ്കപുരയ്ക്കൽ, കുപ്പപ്പുറം.പി.ഒ, ആലപ്പുഴ.
റവന്യൂ (എഫ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (നം.അഗ്രി-ഐ.എഫ്.എ1/9/2024-അഗ്രി).

പകർപ്പ്:- ബഹു.കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Manesh C M
Date: 22-02-2024 15:26:04
സെക്ഷൻ ഓഫീസർ